10 ശതമാനം നികുതി ചുമത്തുന്നതുമായിരിക്കും. ഇതിൽനിന്ന് അഞ്ചു കോടി രൂപയുടെ അധികവരുമാനം ലഭിക്കുന്നതാണ്.

ആദിവാസികൾ നിർമ്മിക്കുന്ന എലക്ട്രോണിക് വാച്ചുകൾക്ക് നികുതി ഇളവ് :

64. ആദിവാസി പെൺകുട്ടികൾക്ക് ജോലി നൽകുന്നതിനുവേണ്ടി കെൽട്രോൺ വയനാട്ടിൽ ഒരു എലക്ട്രോണിക് വാച്ച് ഫാക്ടറി സ്ഥാപിച്ചിട്ടുണ്ട്. വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതും വില കുറഞ്ഞതുമായ എലക്ട്രോണിക് വാച്ചുകളുടെ പ്രവാഹം നിമിത്തം കേരളത്തിൽ നിർമ്മിക്കുന്ന എലക്ട്രോണിക് വാച്ചുകൾ വിപണിയിൽ കടുത്ത മൽസരം നേരിടുകയാണ്. ഇതിനുംപുറമെ, കേരളാ പൊതു വിൽപ്പന നികുതി നിയമമനുസരിച്ച് വസൂലാക്കുന്ന 15 ശതമാനം നികുതിഭാരവും കൂടി ഈ വ്യവസായം വഹിക്കേണ്ടിവരുന്നു. അതിനാൽ ആദിവാസികൾക്ക് ജോലിനൽകുന്ന ഈ വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനും വിദേശ മൽസരത്തെ നേരിടുന്നതിനുംവേണ്ടി ഈ സ്ഥാപനത്തിൽ നിർമ്മിക്കുന്ന എലക്ട്രോണിക് വാച്ചുകളേയും ക്ലോക്കുകളേയും വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുന്നു.

മെഴുകുതിരിയെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുന്നു :

65. ഒരു കുടിൽവ്യവസായ ഉൽപ്പന്നമായ മെഴുകുതിരി ഇപ്പോൾ കേരള വിൽപ്പന നികുതി നിയമം 1-ാം ഷെഡ്യൂളിലെ 170-ാം എൻട്രി പ്രകാരം നാലുശതമാനം നികുതിക്കു വിധേയമാണ്. പല കുടിൽ വ്യവസായ ഉൽപ്പന്നങ്ങളും വിൽപ്പന നികുതിയിൽനിന്നും വിമുക്തമായിരിക്കുന്ന സാഹചര്യത്തിൽ വളരെപ്പേർക്ക് തൊഴിൽ നൽകുന്ന മെഴുകുതിരി നിർമ്മാണത്തെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കുന്നു.

അലോ സസ്യനാരുകളെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുന്നു :

66. വിൽപ്പനനികുതി നിയമത്തിലെ 1-ാം ഷെഡ്യൂൾ 44-ാം എൻട്രി പ്രകാരം വിൽപ്പന നികുതിയുടെ അവസാന ഘട്ടത്തിൽ അലോ നാര് ഇപ്പോൾ രണ്ട് ശതമാനം നികുതിക്കു വിധേയമാണ്. അലോ സസ്യനാര് നിർമ്മാണം തികച്ചും ഒരു കുടിൽ വ്യവസായമായതിനാൽ അസംസ്കൃത സാധനമെന്ന നിലയിൽ അതിനേയും വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കുന്നു.

ജൈവവളങ്ങൾക്ക് നികുതി ഇളവ് :

67. വിൽപ്പന നികുതി നിയമത്തിലെ 1-ാം ഷെഡ്യൂൾ 84 എ എൻട്രി പ്രകാരം ജൈവവളങ്ങൾക്ക് ഇപ്പോൾ നാലുശതമാനം നികുതിയുണ്ട്. രാസവളങ്ങൾക്ക് രണ്ടു ശതമാനം നികുതിയുള്ളപ്പോൾ ജൈവവളങ്ങൾക്ക് ഉയർന്ന നികുതി ചുമത്തുന്നതു ന്യായീകരിക്കാവുന്നതല്ല. അതിനാൽ ജൈവ വളങ്ങളുടെ നികുതി നിരക്ക് രാസവളങ്ങളുടേതുപോലെ രണ്ടു ശതമാനമായി കുറയ്ക്കുന്നു.

കീടനാശിനികൾക്കും രാസവസ്തുക്കൾക്കും നികുതിയിളവ് :

68. കീടനാശിനികൾ കൃഷിസംരക്ഷണ രാസവസ്തുക്കൾ എന്നിവയ്ക്ക് ഇപ്പോൾ കെ. ജി. എസ്. ടി. നിയമം 1-ാം ഷെഡ്യൂൾ 87-ാം എൻട്രി

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം നാലു ശതമാനം നികുതിയുണ്ട്. വളങ്ങളേപ്പോലെതന്നെ കീടനാശിനികളും രാസവസ്തുക്കളും കൃഷിക്ക് അത്യന്താപേക്ഷിതമായതുകൊണ്ട് അവയുടേയും നികുതി നിരക്ക് നാലു ശതമാനത്തിൽനിന്നും രണ്ടു ശതമാനമായി കുറയ്ക്കുന്നു.

കാർഷികാദായ നികുതി പരിഷ്കരണത്തിനു വിദഗ്ദ്ധ കമ്മീഷൻ :

69. ഒരുവർഷം നികുതിദായകനു കൃഷിയിൽനിന്നു ലഭിക്കുന്ന വരുമാനം കണക്കാക്കി അതിൽനിന്നു ഉൽപ്പാദനച്ചെലവു തട്ടിക്കിഴിച്ചു കിട്ടുന്ന സംഖ്യയിൻമേലാണു ഇപ്പോൾ കാർഷികാദായ നികുതി ചുമത്തുന്നത്. ഉൽപ്പാദനത്തിന്റെയും ചെലവിന്റെയും കണക്കുകൾ സൂക്ഷിക്കുകയും റിട്ടേണുകൾ സമർപ്പിക്കുകയും തെളിവു നൽകുകയും ചെയ്തു അവയുടെ നിജസ്ഥിതി അസസ്മെന്റു ഉദ്യോഗസ്ഥൻമാരെ ബോദ്ധ്യപ്പെടുത്തേണ്ട ശ്രമകരവും ഭാരമേറിയതുമായ ചുമതലയാണു ഈ സമ്പ്രദായം മൂലം നികുതിദായകരിൽ നിക്ഷിപ്തമായിരിക്കുന്നത്. അതിനാൽ ഇതിനു പകരം ഭൂമിയുടെ വിസ്തൃതി, ഉൽപ്പാദനക്ഷമത കൃഷിയിൽനിന്നുള്ള ആദായം തുടങ്ങിയവ മാനദണ്ഡമാക്കി തമിഴ്നാട്ടിൽ ഏർപ്പെടുത്തിയിട്ടുള്ളതും നിശ്ചിത നിരക്കിൽ വസൂലാക്കുന്നതുമായ നികുതി സമ്പ്രദായം സ്വീകാര്യമാണോ എന്നു പരിശോധിക്കാവുന്നതാണ്. യഥാർത്ഥ വരുമാനവും ചെലവും തിട്ടപ്പെടുത്തി നികുതി സംഖ്യ നിർണ്ണയിക്കുന്നതിനു ഉദ്യോഗസ്ഥൻമാർ സ്വീകരിക്കുന്ന മാനദണ്ഡങ്ങളും വിലയിരുത്തലുകളും ചിലർക്കു ഗുണപ്രദവും മറ്റു ചിലർക്കു ദോഷകരവും ആയിത്തീരുന്നു എന്ന ആക്ഷേപം അവഗണിക്കാനാവില്ല. ചിലപ്പോൾ നികുതിയിൽനിന്നു രക്ഷപ്പെടാനും ഇതുമൂലം കഴിയുന്നു. അതിനാൽ സർക്കാരിനു ഇന്നുള്ളതിൽക്കൂടുതൽ വരുമാനം ഉറപ്പുവരുത്തിക്കൊണ്ടു വിസ്തൃതിയുടെയും ഉൽപ്പാദനക്ഷമതയുടെയും ആദായത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമിയെ തരംതിരിക്കുകയും കൃഷികളെ ക്ലാസിഫൈ ചെയ്യുകയും ചെയ്തുകൊണ്ടു ശാസ്ത്രീയ രീതിയിൽ നികുതി ചുമത്തുന്നതിന്റെ പ്രായോഗിക വശങ്ങളെ പറ്റി പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മീഷനെ നിയമിക്കുന്നതാണ്.

70. മേൽ പ്രസ്താവിച്ച വിധം, നികുതിയിളവുകളുടെ ഫലമായി വരുമാനത്തിൽ ഉണ്ടാകുന്ന കുറവു തട്ടിക്കിഴിച്ചതിനുശേഷവും സ്റ്റാമ്പ്, രജിസ്ട്രേഷൻ, ലോട്ടറി എന്നിവ ഉൾപ്പെടെയുള്ള എല്ലാ ധനകാര്യ നിർദ്ദേശങ്ങളിൽ നിന്നുമായി 1986-87-ൽ 32 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. ഞാൻ നേരത്തെ പ്രഖ്യാപിച്ച പുതിയ പരിപാടികൾക്കു വേണ്ടിവരുന്ന 4.10 കോടി രൂപ വകയിരുത്തിയതിനു ശേഷവും 27.90 കോടി രൂപയുടെ വരുമാനം ഉണ്ടാകുന്നതാണ്.

ധനകാര്യ മാനേജ്മെന്റ് :

പശ്ചാത്തലം :

71. 1985-86-ലെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടു പ്രസംഗിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങളുടെ ഒരു രൂപരേഖ ഞാൻ വരച്ചുകാട്ടിയിരുന്നു. ആറാം പദ്ധതിക്കാലത്ത് പദ്ധതിയേതര ചെലവിൽ—പ്രധാനമായും ക്ഷാമബത്തയിനത്തിൽ ഏറെടുക്കേണ്ടിവന്ന ഭാരിച്ച അധികച്ചെലവു, പദ്ധതി രംഗത്ത് നാം നടത്തിയ 200 കോടി രൂപയുടെ അധിക മുതൽമുടക്ക്, തൽഫലമായി പദ്ധതിയുടെ അവസാനമുണ്ടാകുന്ന 300 കോടി രൂപയോളം വരുന്ന കമ്മി, നമുക്ക് അനുകൂലമാകാതിരുന്ന എട്ടാം ധനകാര്യക്കമ്മീഷൻ ശുപാർശകൾ, അതുമൂലം

LIBRARY ARCHIVES Kerala Legislative Assembly